സൂപ്പർന്യൂമററി തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ റെഗുലറൈസേഷനും പ്രൊബേഷനും

64 (6211) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012, 2014 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദവിവരങ്ങൾ അറിയിക്കുമോ ;

(ബി) നിയമനങ്ങൾ റെഗുലറൈസ് ചെയ്യാത്തതിനാൽ പ്രസ്തുത എൽ.ഡി.ക്ലാർക്കുമാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിക്കാൻ നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വേണമെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ റെഗുലറൈസേഷൻ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതി

65 (6212) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതിയുടെ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly